പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4014 | 25.06.2014- ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. രാജു | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയുന്നതിന് 19/01/2011-ലെ ജി. ഒ. (ആർ. ടി) നം. 220/11/ആകുവ എന്ന ഉത്തരവ് പ്രകാരം 866.628 ലക്ഷം രൂപ ബി. എസ്. എൻ. എൽ-ന് അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 02/09/2013-ലെ ജി. ഒ. (ആർ.ടി) നം. 3069/2013/ആകുവ എന്ന ഉത്തരവ് പ്രകാരം ടി നിർമ്മാണത്തിനുള്ള അനുമതി കെ. എൽ. ഡി. സി.ക്ക് കൈമാറി ഉത്തരവാകുകയുണ്ടായി തുടർന്ന് കെ. എൽ. ഡി. സി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണചെലവ് 13.23 കോടി രൂപയാണ്. അധികമായി ആവശ്യമുള്ള 4,56,37,200 (നാല് കോടി അമ്പത്തിയാറ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ് )രൂപ കൂടി അധികമായി വകയിരുത്തേണ്ടതായിട്ടുണ്ട്. |
| ബി) | പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് നിർവ്വഹണ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | നിലവിൽ ദി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**